RESOLUTION No. 13

Pilla Thodu Irrigation Scheme

* **Mr. T. A. Ramachandra Ayyar** *(Nellayi):* Sir, I move the following resolution.—

"This Council recommends to the Government to take up the Pilla Thodu Irrigation Scheme at an early date."

സർ, കൊച്ചിരാജ്യത്തു ഇപ്പോൾ വിളയുന്ന നെല്ലു് അഞ്ചു മാസത്തേക്കു മാത്രമെ മതിയാകുന്നുള്ളുവെന്നു് ഗവമ്മെണ്ടു് ഇവിടെ സമ്മതിച്ചുകഴിഞ്ഞിട്ടുണ്ടു്. നെൽകൃഷി നിവൃത്തിയുള്ളിടത്തോളം വൽപ്പിക്കണമെന്നും ഇവിടെ സമ്മതിച്ചിട്ടുണ്ടു്. പ്രത്യേകിച്ചും ഈ സമയത്തു് ആ കൃഷിയെ വൽപ്പിക്കണമെന്നു എല്ലാവരും സമ്മതിച്ചിട്ടുള്ള ഒരു കാര്യമാണു്. എന്നാൽ അതിനും ഏതെല്ലാമാണു് വഴികൾ എന്നാണു് നാം ആലോചിക്കേണ്ടതു്. ഇവിടെ ഇറിഗേഷനുവേണ്ടി കുറെ സംഖ്യ ബഡ്ജറിൽ നീക്കിവെക്കുന്നതായി കാണുന്നുണ്ടു്. എങ്കിലും ഒറിജിനൽ സ്കീംസു് വിശേഷിച്ചൊന്നും എടുത്തതായി കാണുന്നില്ല. ചിറവൂർ താലൂക്കിൽ ഏതൊ ഇറിഗേഷൻ നടപ്പിൽ വരുത്തീട്ടുള്ളതല്ലാതെ നമ്മുടെ തെക്കൻഭാഗത്തെ ഇറിഗേഷനുവേണ്ടി യാതൊരു പ്രവൃത്തിയും എടുത്തതായി കാണുന്നില്ല. ഈ പില്ലത്തോടു സ്കീമിനെപ്പറ്റി ചില ഡീറേറയിൽസു് ചോദിച്ചിട്ടു അതിനു മറുപടി കിട്ടീട്ടില്ല. ഞാൻ ഒരു എക്സ്പട്ട്ലെങ്കിലും ഒരു lay-man എന്നുള്ളനിലയിൽ ഈ പില്ലത്തോടിനെപ്പറ്റി കുറച്ചുപറയാം. ഈ തോടു പറവട്ടാനി മലയിൽനിന്നും പുറപ്പെട്ടു പാലപ്പിള്ളിമലയുടെ അടിവാരത്തിൽക്കൂടി കുമാലി പുഴയിൽ ചേരുന്നു കുമാലിപ്പുഴയിൽ രണ്ടു നാഴിക അകലെയുള്ള റബ്ബർതോട്ടത്തിന്റെ മുകളിൽ രണ്ടു മലകളുടെയിടയിൽക്കൂടിയാണു് വരുന്നതു്. ഈ ഇടയെന്നുപറയുന്ന സ്ഥലം വളരെ ഇടുങ്ങിയ ഒരു സ്ഥലമാണു്. രണ്ടു ഭാഗത്തു മലകളും നടുക്കുകൂടി ഒരു തോടും ചേരുന്നസ്ഥലം കൊച്ചിരാജ്യത്തു് വേറെയുണ്ടൊ എന്നു സംശയമാണു്. ഈ തോട്ടിൽ കുംഭമാസം അവസാനംവരെ വെള്ളം ഒഴുകികൊണ്ടിരിക്കും. അതിനുശേഷം വളരെ സൌകര്യമുണ്ടു് ഒരു ബണ്ടിടുവാൻ. ഒരു ബണ്ടിട്ടാൽ അതിന്റെ മുകളിൽ വെള്ളം കെട്ടിനിറുത്തുവാൻ സൌകര്യമുണ്ടു്. കാര്യമെന്റെ ഏറിയ ഇപ്പോൾ മുഴുവൻ പതിച്ചുകൊടുത്തിരിക്കയാണു്. അതു അകപയർ ചെയ്യേടുക്കേണ്ടിവരുന്നതു് വലിയ നഷ്ടമല്ലെ എന്നു് ഗവമ്മെണ്ടു് ചോദിച്ചേക്കാം. ഈ സ്കീം നടപ്പിൽ വന്നാൽ അകപയർ ചെയ്യേടുക്കുന്നതിലും രണ്ടൊ മൂന്നൊ ഇരട്ടി സ്ഥലം ഗവമ്മെണ്ടിൽനിന്നു് പതിച്ചുകൊടുക്കുവാൻ സാധിക്കുന്നതാണു്. ഇതിനും പുറമെ മുകുന്ദപുരം താലൂക്കിലുള്ള മുണ്ടകൻ, പുഞ്ച എന്നീ കൃഷികൾക്കു് ഇതുകൊണ്ടു് വളരെ ഉപകാരമുണ്ടായിത്തീരുന്നതുമാണു്. ഒരു കാലത്തും കൃഷി ഉണങ്ങിപ്പോയതായിട്ടുള്ള ആക്ഷേപം വരുന്നതല്ല. കൃഷിക്കു് ഉണക്കം തട്ടുകയില്ലെന്നതന്നെയല്ല ഇപ്പോൾ ഒരുപ്പു പണിയുന്നതായ സ്ഥലങ്ങളിൽ ഇരുപ്പു പണിയുവാൻ സാധിക്കുന്നതുമാണു്. ഇപ്പോൾ പറമ്പുപോലെ കിടക്കുന്ന സ്ഥലങ്ങളിലും മുണ്ടകൻ കൃഷി ചെയ്യുവാൻ സാധിക്കും. ഇതു് വളരെ ഉപകാരപ്രദമായിട്ടുള്ള ഒരു സ്കീമാണു്. ഈ സ്കീമിനെപറ്റി ഗവമ്മെണ്ടു് അന്വേഷണം നടത്തിയ റിപ്പോർട്ടു് ഹജൂർ അലമാരയിൽ സൂക്ഷിച്ചിരിക്കുന്നതായിട്ടാണു് ഞാൻ അറിയുന്നതു്. ഇറിഗേഷൻ ബോർഡു മെമ്പർമാരെ ഞാൻ ഇതൊക്കെ കൊണ്ടുപോയി കാണിച്ചിട്ടു അവർ ഇതിനെപ്പറ്റി റിപ്പോർട്ടു ചെയ്തിട്ടുണ്ടു

* Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

ന്നാണു് എന്റെ അറിവു്. അതുകൊണ്ടു കഴിയുന്നതും വേഗത്തിൽ ഈ സ്കീം നടപ്പിൽ വരുത്തണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

Mr. K. S. Panicker *(Ezhuvas-Mukundapuram):* May I know whether the Irrigation Board has considered the feasibility of this scheme?

Mr. T. S. Ramachandra Ayyar *(Chittur-Tattamangalam):* Yes.

മിസ്റ്റർ. കെ. എസ്സ്. പണിക്കർ : ഞാൻ ഇതിനെ പിൻതാങ്ങുന്നു.

May I know, Sir, the total catchment area in the scheme?

Mr. M. D. Narayana Ayyar *(Offg. Chief Engineer):* About 30 sq. miles or thereabouts.

Mr. T. S. Ramachandra Ayyar *(Chittur-Tattamangalam:* Will the hon'ble member kindly define catchment area?

Mr. M. D. Narayana Ayyar *(Offg. Chief Engineer):* Catchment area is the area on which if rain falls, the water is collected and impounded in the chira.

* മിസ്റ്റർ കെ. എസ്സ്. പണിക്കർ : സർ, നമ്മുടെ കൊച്ചിരാജ്യം ഒരു കൃഷികരാജ്യമാണെന്നു് പറഞ്ഞു് നാം സ്വയം അഭിമാനിക്കാറുണ്ടു്. പക്ഷെ, അരി റങ്കൂണിൽനിന്നു വന്നില്ലെങ്കിൽ ഇവിടത്തെ കായ്യും കഷ്ടത്തിലായി. നമുക്കു സമൃദ്ധിയായി അരിയും, നെല്ലും കിട്ടണമെങ്കിൽ, അതു നമ്മുടെ രാജ്യത്തുതന്നെ ഉണ്ടാകണമെന്നു് നമുക്കു് ഇപ്പോൾ അനുഭവപ്പെട്ടിട്ടുണ്ടു്. നമ്മുടെ നാട്ടിൽ കൃഷിക്കു് സൌകര്യമായിട്ടുള്ള സ്ഥലങ്ങൾ ധാരാളമുണ്ടു്. പക്ഷെ കൃഷി ചെയ്യുവാൻ വേണ്ട സൌകര്യം ഗവൺമെണ്ടു് ഉണ്ടാക്കികൊടുക്കുന്നില്ലെന്നൊരുള്ള. സ്കീംസു് ഗവൺമെണ്ടിന്റെ മുമ്പാകെ വളരെയുണ്ടു്. ഏതെങ്കിലും ഒരു സ്കീം നടപ്പിൽ വരുത്തണമെങ്കിൽ അതിനു് വേണ്ടിവരുന്ന സംഖ്യയേക്കാൾ കൂടുതൽ സംഖ്യ ഗവൺമെണ്ടു് അതിന്റെ ഇൻവെസ്റ്റിഗേഷനുവേണ്ടി ചിലവു് ചെയ്യും. ഇങ്ങിനെയെത്ര പണമാണു് ചിലവാക്കീട്ടുള്ളതു്. സ്കീംസ്സാണെങ്കിൽ പിള്ളത്തോട്ടു സ്കീം, നടത്തോട്ടു സ്കീം, ചീരക്കുഴി സ്കീം, ചാലക്കുടി സ്കീം ഇങ്ങിനെ അനവധിയുണ്ടു്. പള്ളികൾ അനവധിയുണ്ടു്. കമ്മം കാണുവാൻ പള്ളി ഒന്നുമില്ലായെന്നു് പറയുന്നതുപോലെയാണു്. ഇതിന്റെ പരിഹാരത്തിൽ നല്ല ഒരു ഇറിഗേഷൻ എഞ്ചിനീയരെത്തന്നെ കൊച്ചിരാജ്യത്തു വെക്കേണ്ടതു് അത്യന്താപേക്ഷിതമാണു്. എന്നാൽ സർവ്വീസിലുള്ളവരിൽനിന്നു സമർത്ഥനായ ഒരാളെ ഇതിലേക്കു് വെക്കുക. അതും ചെയ്യുന്നില്ല. ചിറ്റൂർ താലൂക്കിൽ ഒരു തമിഴു് ബ്രാഹ്മണൻ ഒരു ഇറിഗേൻ സ്കീം നടപ്പിൽ വരുത്തിയതുകൊണ്ടു് ഇറിഗേഷനെന്നു് പറഞ്ഞു നമ്മുടെ ഗവൺമെണ്ടു് അഭിമാനിച്ചുകൊണ്ടു് നടക്കുകയാണു്. ചിറ്റൂർ ഇറിഗേഷൻ കൊണ്ടു മാത്രം നമ്മുടെ പട്ടിണിക്കു് ഒരു പരിഹാരമാവുകയില്ല. കൃഷിക്കു് ആവശ്യമായ വെള്ളത്തിനു വേണ്ട പല മാർഗ്ഗങ്ങളും നമുക്കു് കണ്ടുപിടിക്കാം. ഇൻവെസ്റ്റിഗേഷൻ നടത്തിക്കഴിഞ്ഞിട്ടുള്ളതായ പല സ്കീംസ്സു് നടപ്പിൽ വരുത്താതെ കിടക്കുന്നുണ്ടു്. അതിൽ ഒന്നാണു് പിള്ളത്തോട്ടു സ്കീം. ഇതുകൊണ്ടു് മുകുന്ദപുരം താലൂക്കിൽ മാത്രമല്ല, തൃശ്ശിവപേരൂർ താലൂക്കിന്റെ ഏതാനും ഭാഗങ്ങളും ഇറിഗേറ ചെയ്യുവാൻ സാധിക്കും. ഞാൻ ഇതു് പറയുന്നതു് ആ ഭാഗങ്ങളിലുള്ള എന്റെ പരിചയംകൊണ്ടാണു്. ഈ കാച്ചു്മെന്റ് ഏറിയ എത്രമാത്രമുണ്ടെന്നു് നല്ലവണ്ണം മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ല. ഏതായാലും

* Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

കൃഷിക്കു് വെള്ളം കിട്ടുവാൻ സൌകര്യമുള്ള ഏതെങ്കിലും ഒരു സ്കീം, പിള്ളത്തോട് സ്കീമെങ്കിലും എടുത്തു ഒന്നുനടപ്പാക്കിയാൽ കൊള്ളാമെന്നാണു് എന്റെ അപേക്ഷ. ഈ കാര്യത്തെ സംബന്ധിച്ചു പറയുമ്പോൾ ചാലക്കുടി സ്കീമിനെ സംബന്ധിച്ചു് തിരുവിതാംകൂർ ഗവമ്മെണ്ടുമായി നെഗോഷ്യേഷൻസു് നടത്തുന്നുണ്ടു് എന്നൊക്കെ പറഞ്ഞുകഴിഞ്ഞാൽ ആളകാം അരി കിട്ടാതെ പട്ടിണികിടന്നു് മരിക്കേണ്ടിവരും. ഇറിഗേഷൻ ബോർഡു് വരുന്നുണ്ടു്, അതുകൊണ്ടു് ഈ റസലൂഷൻതന്നെ ആവശ്യമില്ലെന്നു് ഗവമ്മെണ്ടു് പറയുമായിരിക്കും. ഇറിഗേഷൻ ബോർഡു് വന്നു കഴിഞ്ഞാൽ എന്തൊക്കെയാണു് ചെയ്യുകയെന്നു് നമുക്കറിയാം. ഇതൊക്കെ കടലാസ്സിൽ കാണാം ; പുറമെയുള്ള ഗവമ്മെണ്ടുകളെ ഈ രാജ്യത്തു് ഒരു ഇറിഗേഷൻ ബോർഡു് ഉണ്ടെന്നു് ധരിപ്പിക്കുകയും ചെയ്യാം. പക്ഷെ അനുഭവത്തിൽ വരുമ്പോൾ ഇതൊന്നുമില്ല. അങ്ങിനെ വരാതെയിരുന്നാൽ കൊള്ളാമെന്നു് വിചാരിച്ചിട്ടാണു് ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നതു്. ഇതു് ഗവമ്മെണ്ടു് സ്വീകരിച്ചു നടപ്പിൽ വരുത്തേണമെന്നു് അപേക്ഷിച്ചുകൊള്ളുന്നു.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഇതിനെപ്പറ്റി പ്രസംഗിക്കുവാനല്ല ; ചില സംഗതികൾ ചോദിച്ചറിയുവാനാണു് ഞാനാഗ്രഹിക്കുന്നതു്. ഇതിനെപ്പറ്റി വല്ലപ്പോഴും ഇൻവസ്റ്റിഗേഷൻസ്സു് നടത്തീട്ടുണ്ടോ ? എത്ര ഏക്കർ ഭൂമി ഇതുകൊണ്ടു് നനക്കുവാൻ സാധിക്കുമെന്നുള്ളതു് ഗവമ്മെണ്ടു് കണക്കാക്കീട്ടുണ്ടോ ? ഇതൊന്നു് പറഞ്ഞാൽ തരക്കേടില്ല.

മിസ്റ്റർ എം. ഡി. നാരായണയ്യർ : ഞാൻ അതു് ഇപ്പോൾതന്നെ പറയണമോ ; അതോ എന്റെ മറുപടി പ്രസംഗത്തിൽ പറഞ്ഞാൽ മതിയോ ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: പ്രീലിമിനറിയായിട്ടു ഒന്നു പറഞ്ഞാൽ കൊള്ളാം.

Mr. M. D. Narayana Ayyar *(Offg. Chief Engineer):* Sir, I cannot explain the position of Government in this matter better than by giving certain details about the scheme itself. The Mover himself said that he possessed very little information regarding that. I propose to supply that information so that members may follow what I have to say. This Pilla Thodu is the tributary of Kurumali River. There are two rivers named Manali and Kurumali. They both join together and form the Karuvannur River. For safeguarding the *mundakan* and *puncha* in the valleys of these two rivers we annually put up a number of earthern bunds soon after the *Thula Varsham i.e.*, by Vrischigam or Dhanu. These bunds are put up both by the Government and the Panchayat. Some bigger bunds are put up by the P. W. D. and minor ones are put up by the Panchayat. These bunds impound a good lot of water which otherwise would go to Sea and this water is utilised for irrigating several acres of even thousands of acres of both *mundakan* and *puncha* lands.

മിസ്റ്റർ കെ എസ്സ്. പണിക്കർ : ഈ ചിറകൊണ്ടു് മുണ്ടകൻ കൃഷിക്കു് വേണ്ട വെള്ളം കിട്ടുകയില്ലേ ?

മിസ്റ്റർ എം. ഡി. നാരായണയ്യർ : മുണ്ടകൻകൃഷിക്കു് വേണ്ടിയാണു് മാഞ്ഞാൻകുഴിചിറ കെട്ടുന്നതു്. ഇതു് ബഹുമാനപ്പെട്ട മെമ്പർക്കുതന്നെ അറിയാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : രണ്ടു കൊല്ലമായിട്ടല്ലേ മാഞ്ഞാൻകുഴിചിറ മുണ്ടക കൃഷിക്കുവേണ്ടി കെട്ടിതുടങ്ങിയതു് ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. ഡി. നാരായണയ്യർ: രണ്ട് മൂന്ന് കൊല്ലമായിട്ട മാഞ്ഞാൻ കഴിച്ചിറ കെട്ടാറുണ്ട്.

I am perfectly sure of what I say. For purposes of the *mundakan* cultivation for the past two or three years we were putting up bunds in the month of Chingam. Of course when there is heavy *Thula varsham* it so happens that the *chira* gets itself washed away but immediately we put up new *chira* at Government cost. It is not correct to say that we don't do anything for *mundakan* cultivation. As I was saying we are putting about a dozen of these *chiras* both in the Kurumali and Karuvannur rivers for safegurding *mundakan* and *puncha* cultivation. The object of the Pillathodu Scheme is to impound about 2,000 million cubic feet of water by constructing a very high earthen embankment just connecting two hill-locks. The height of the bund will be about 70 or 80 feet. An investigation was conducted some years ago and the cost came to about 11 lakhs. If the scheme is taken up now this 11 lakhs will easily become 20 lakhs because it requires a good lot of steel beams, etc. When a war is on, I do not think this House will expect the Government to embark upon this scheme. We will not be able to get the steel required. All the steel and iron is controlled by the Government of India and it will be next to impossible to get any steel for such work.

Another point is, as I said, we are doing a good lot for safeguarding *mundakan* and *puncha* cultivation. This Pillathodu is only for the *puncha* cultivation and according to the information at my disposal the additional area that will be benefited by this scheme will be very little compared with the area that is now benefited by these small *chiras*. Therefore, at an expense of 11 lakhs which, if taken up now, may easily become 20 lakhs what do we gain? A few hundreds of acres.

Mr. C. R. Iyyunni *(Trichur-South):* May I know whether the quantity of water that is impounded by these small bunds will be more or less equal to the quantity of water that will be impounded by the construction of this dam. The acreage must probably be 100 times more.

Mr. M. D. Narayana Ayyar *(Offg. Chief Engineer):* The hon'ble member is mistaken. I do not say that the total quantity of water impounded by these various bunds will be equal. The Pillathodu scheme will impound much more water. It is in the rainy season that the Pillathodu will impound all this water. In a State like Cochin where there is 120 inches of rainfall there is very little necessity for water during the rainy season. All the water stored will not be of much use.

LIBRARY ARCHIVES Kerala Legislative Assembly

Mr. T. A. Ramachandra Ayyar *(Nellayi):* Is it the opinion of the expert who investigated the scheme?

Mr. M. D. Narayana Ayyar *(Offg. Chief Engineer):* When I am making a remark it is my remark.

I do not say the scheme is useless. The Pillathodu has got other benefits.

Mr. T. A. Ramachandra Ayyar *(Nellayi):* What does the report say?

Mr. M. D. Narayana Ayyar *(Offg. Chief Engineer):* I have not got the report. There is no proposition before us to place the report on the table.

This scheme has got other benefits. But that is not within the present discussion. We confine ourselves to irrigation. It is about that that I am saying. From the point of view of irrigation the Pillathodu scheme, though it will be useful for other purposes, is not of much use.

Mr. C. R. Iyyunni *(Trichur-South):* What other purposes?

Mr. M. D. Narayana Ayyar *(Offg. Chief Engineer):* For moderation of floods, etc.

The hon'ble mover was saying that we have not done anything for irrigation. I wish to correct that statement. It is on the representations of this House that a separate Irrigation Division has been constituted and we have on hand other schemes. He said that these schemes are kept under safe lock and key in the Huzur Office. They are not. They will be taken up as and when necessary. We have got three or four schemes. One is this. The second is the Cheerakuzhi scheme which will irrigate thousands of acres. But the difficulty is, the war came without giving notice to us. When normal conditions are restored the Government will take up more of these schemes. To say that we have not done anything for irrigation is a mistake because we have spent over a lakh of rupees for the Enamakkal Dam. Even this year we are spending about 25,000 rupees for improving the Manjankuzhi *Chira.*

Mr. T. S. Ramachandra Ayyar *(Chittur-Tattamangalam):* May I know the yearly recurring expenditure which both the P.W.D. and the Panchayat put together incur on account of these temporary bunds?

Mr. M. D. Narayana Ayyar *(Offg. Chief Engineer):* It will be in the region of about three to four thousand rupees. It may not be more.

Mr. K. Kochukunhan Kaimal *(Vadakkancheri):* If this scheme is taken up new lands will be brought under cultivation.

LIBRARY ARCHIVES Kerala Legislative Assembly

Mr. M. D. Narayana Ayyar *(Offg. Chief Engineer):* Consistent with the capital spent I do not think there will be substantial addition to the land that is now irrigated.

As I said at present the taking up of the Pillathodu Scheme will not be of much benefit. We will not be bringing more substantial area into irrigation. The present system is no more subject to various draw backs. If the *Thulavarsham* is scarce only a small quantity of water will be impounded. Leaving apart these abnormal conditions the *mundakan* and *puncha* cultivations are being safeguarded by these earthen *chiras* every year, and I do not think in any year substantial damage has been done for want of water. For excess of water there may have been some damage in some years. Therefore, the Government regret that they cannot accept the resolution.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: ബഹുമാനപ്പെട്ട എഞ്ചിനീയർ മെമ്പർ പറഞ്ഞതിൽനിന്നു് പണമില്ലാത്തതുകൊണ്ടാ, അതോ ഈ പദ്ധതികൊണ്ടു് ഗുണമുണ്ടാകയില്ലെന്നു് കണ്ടതുകൊണ്ടോ, ആരണോ ഇതിനെ എതുക്കുന്നതെന്നു് അറിയുവാൻ സാധിക്കുന്നില്ല. ഞാൻ ഒരു പ്രമേയം അയച്ചിട്ടുകൂടി ഹജൂർ കച്ചേരിയിൽ സൂക്ഷിച്ചിട്ടുള്ള ഇതിനെ സംബന്ധിച്ച റിപ്പോട്ട് അദ്ദേഹം നോക്കീട്ടില്ലെന്നു് ഇവിടെ പറഞ്ഞു.

മിസ്റ്റർ എം. ഡി. നാരായണയ്യർ: അങ്ങിനെ പറഞ്ഞിട്ടില്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: റിപ്പോട്ട് വായിച്ചിട്ടുണ്ടെങ്കിൽ കാച്ചുമെൻറ് ഏറിയ എന്താണെന്നും അതു് എത്രയുണ്ടെന്നും, എത്രത്തോളം സ്ഥലം ഇതുകൊണ്ടു് കൃഷിക്കു് ഉപയോഗപ്പെടുത്തുവാൻ സാധിക്കുമെന്നും പറഞ്ഞാൽ തരക്കേടില്ല.

മിസ്റ്റർ എം. ഡി. നാരായണയ്യർ: കാച്ചുമെൻറ് ഏറിയായെപ്പറ്റി ഞാൻ ആദ്യം പറഞ്ഞുകഴിഞ്ഞു. കാച്ചുമെൻറ് ഏറിയയെന്നു് വെച്ചാൽ, ഏതെല്ലാം ദിക്കുകളിൽ മഴ പെയ്തിട്ട ആ വെള്ളം ഒരു ബണ്ടിൽ ചേരുന്നുവോ, ആ ദിക്കിനാണു് കാച്ചുമെൻറ് ഏറിയായെന്നു് പറയുന്നതു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: അതു് റിപ്പോട്ടിലുള്ളതാണോ?

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: എത്ര ഏക്കർ സ്ഥലം കൃഷിക്കു് ഉപയോഗിക്കാമെന്നു് പറഞ്ഞിട്ടുണ്ടു്?

മിസ്റ്റർ എം. ഡി. നാരായണയ്യർ: നോട്ടീസ്സു് വേണം.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: ഈ റസലൂഷൻതന്നെ ഒരു നോട്ടീസ്സല്ലെ? രണ്ടു മാസത്തിനുമുമ്പു് അയച്ചിട്ടുള്ളതാണു് ഈ റസലൂഷൻ. അതു നോക്കീട്ടു കണ്ടില്ലെന്നു് പറഞ്ഞാൽ മതിയല്ലൊ.

Mr. M. D. Narayana Ayyar *(Offg. Chief Engineer):* I wish to add one more word. One of the principal purposes of this Pillathodu Scheme is to give water to the *kole* lands. We have now under consideration another scheme for the benefit of the *kole* lands. The Hon'ble Member Mr. Panicker knows that. For the benefit of

LIBRARY ARCHIVES Kerala Legislative Assembly

the kole lands we are investigating another scheme, the Chalakkudi Diversion Scheme. We are actually taking measurements every year to find out the quantity of water that could be diverted from the Chalakkudi river. This Pillathodu Scheme is useful only in so far as it will benefit the *kole* lands and for moderation and prevention of floods. From the point of view of irrigation of *mundakan* and *puncha* lands I submit this scheme is not of much use. Partly on account of that and partly on account of financial difficulties the Government cannot take it at present.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: അദ്ദേഹം പറഞ്ഞതു് യുക്തം കഴിഞ്ഞിട്ടു നോക്കാമെന്നാണു്. ഇപ്പോൾ ഗവമ്മെണ്ടു് ഇറിഗേഷനുവേണ്ടിയൊക്കെ വളരെ ചിലവു ചെയ്യുന്നുണ്ടു്; കൊല്ലാകൊല്ലം വലിയ വലിയ ബണ്ടുകൾ കെട്ടാറുണ്ടു് എന്നു പറഞ്ഞു. വാസ്തവത്തിൽ മണ്ണുകൊണ്ടു വലിയ വലിയ ബണ്ടുകളുണ്ടാക്കിവരുന്ന എപ്പോഴാണു് കൊല്ലാകൊല്ലം നടത്തിവരുന്നതു്. ആ ബണ്ടുകളിലെ മണ്ണു പുഴയിൽ വീണു് പുഴ നികത്താനുള്ള ഒരു സ്കീമല്ലാതെ ശരിയായ ഒരു ഇറിഗേഷൻ സ്കീം യാതൊന്നുംതന്നെ ഗവമ്മെണ്ടു ചെയ്യുവരുന്നില്ല. എന്നാൽ ഈ പില്ലത്തോടു് സ്കീം നടപ്പിൽ വരുത്തുകയാണെങ്കിൽ ഇങ്ങിനെ കൊല്ലാകൊല്ലം ബണ്ടു കെട്ടി പുഴയിൽ വെള്ളം നില്ക്കുവാനും, പുഴ നികത്താതിരിക്കുവാനും സാധിക്കുന്നതാണു്. യുക്തം കാരണം പെട്ടെന്നു് ഈ സ്കീം എടുക്കുന്നതിനു സാധ്യമല്ലെന്നു എനിക്കും ബോദ്ധ്യമുണ്ടു്. അതുകൊണ്ടു തല്ക്കാലം ഞാൻ ഈ പ്രമേയത്തെ പിൻവലിക്കുന്നു.

Resolution by leave withdrawn

RESOLUTION No. 14

Stationing an ambulance boat at the Cochin Harbour

"This Council recommends to the Government of His Highness the Maharaja that an ambulance boat may be permanently stationed at Cochin Harbour for the protection of water conveyances and the workmen therein during the rainy season."

മിസ്റ്റർ വി. കെ. കുട്ടി: സർ, വർഷക്കാലത്തു ജലവാഹനങ്ങളുടേയും അതിലെ തൊഴിലാളികളുടേയും പരിരക്ഷയെ ഉദ്ദേശിച്ചു് കൊച്ചി തുറമുഖത്തു സ്ഥിരമായി ഒരു ആംബുലൻസ് ബോട്ടു് ഏർപ്പെടുത്തണമെന്നു് ഈ കൌൺസിൽ മഹാരാജാവു തിരുമനസ്സിലെ ഗവമ്മെണ്ടിനോടപേക്ഷിക്കുന്നു. ഇതാണു് ഞാൻ ഇവിടെ ഹാജരാക്കീട്ടുള്ള പ്രമേയം. എറണാകുളവും കൊച്ചിയുമായുള്ള ഗതാഗതബന്ധം ഹാർബർമൂലം വളഞ്ഞ വഴിയിൽക്കൂടിയുള്ളതായതിനാൽ വർഷക്കാലത്തു വള്ളങ്ങൾ മുങ്ങുവാനും തൻമൂലം വലിയ അപകടങ്ങൾ സംഭവിക്കുവാനും കാരണമാകുന്നുണ്ടു്. ഈ കഷ്ടതകൾ സാധുക്കൾ അനുഭവിച്ചുതുടങ്ങീട്ടു് വളരെക്കാലമായിട്ടുണ്ടു്. ഈ കൌൺസിലിൽ ഞാൻ മെമ്പറായി വന്നതിനുശേഷം രണ്ടുമൂന്നുപ്രാവശ്യം ഇതുപോലെയുള്ള പ്രമേയങ്ങൾ അയക്കുകയും നിർഭാഗ്യവശാൽ അതൊന്നും ഇവിടെ ആലോചനയ്ക്കു വരാതിരിക്കുകയുമാണുണ്ടായിട്ടുള്ളതു്. എന്റെ ഈ പ്രമേയം സ്വീകരിക്കുന്നതുകൊണ്ടു ഗവമ്മെണ്ടിനു വലുതായ ചിലവൊന്നും ഉണ്ടാകുവാനിടയില്ല. ഏപ്പോഴും കൊച്ചി ഗവമ്മെണ്ടു വക നാലഞ്ചു ബോട്ടുകൾ കടവുക

LIBRARY ARCHIVES Kerala Legislative Assembly